II ഇ.ബി. XIV - കേരള നിയമസഭ/XIX-3

## പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2020 മാർച്ച് 04, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

7 (*61) വരൾച്ച നേരിടാൻ വാട്ടർ അതോറിറ്റിയുടെ പദ്ധതി

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, കുടിവെള്ള സ്രോതസ്സുകളിൽ പരമാവധി ജലം സംരക്ഷിക്കാനും സൂക്ഷ്മതയോടെ വിനിയോഗിക്കാനുമായി കുടിവെള്ള പദ്ധതികൾക്ക് സമീപം തടയണകളും നീർച്ചാലുകളും നിർമ്മിച്ചും ഉപ്പുവെള്ളം കയറുന്നത് തടഞ്ഞും അണക്കെട്ടുകളിലെ ജലം കരുതൽ ശേഖരമായി സൂക്ഷിച്ചും കേരള വാട്ടർ അതോറിറ്റി നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ജലശുദ്ധീകരണശാലകൾ പുനരുദ്ധരിച്ചും കേടുവന്ന പമ്പ്സെറ്റുകളുടെ അറ്റകുറ്റപ്പണികൾ, ജലവിതരണത്തിനുള്ള വാൽവ് ക്രമീകരണങ്ങൾ എന്നിവ നടത്തിയും ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ ടാങ്കർ

ലോറികളിൽ ജലവിതരണം നടത്തുന്നതിനായി കിയോസ്കുകൾ സ്ഥാപിച്ചും പാറമടകൾ പോലുള്ള പാരമ്പര്യേതര സ്രോതസ്സുകൾ കണ്ടെത്തി താൽക്കാലിക ശുദ്ധീകരണ ശാലകൾ സ്ഥാപിച്ച് ജലവിതരണം നടത്തിയും വരൾച്ച നേരിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. വറ്റാത്ത കുടിവെള്ള സ്രോതസ്സുകൾ നവീകരിച്ച് ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്തുള്ള ആനത്താഴ്ചിറ, വണ്ടിച്ചിറ എന്നീ കുളങ്ങൾ നവീകരിച്ചിട്ടുണ്ടെന്നും ജല ലഭ്യതയുള്ള സ്ഥലങ്ങളിലെ പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കുമെന്നും ഇരുമ്പിളിയം, വളാഞ്ചേരി, ഇടയൂർ എന്നീ കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും പോത്തുണ്ടി - മംഗലം ഡാമുകളിൽ ജലം സംഭരിക്കുന്നതിനെക്കുറിച്ചും കൊല്ലം ജില്ലയിലെ ജലസ്രോതസ്സുമായി ബന്ധപ്പെട്ട വിഷയം സംബന്ധിച്ചും പഠനം നടത്തുമെന്നും മന്ത്രി വ്യക്തമാക്കി. അടിയന്തരമായി കുടിവെള്ളം എത്തിക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ കുഴൽക്കിണറുകൾ സ്ഥാപിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൻകീഴിൽ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ 'ജൽജീവൻ' മിഷനിൽ ഉൾപ്പെടുത്തി പ്രവർത്തന സജ്ജമാക്കാനുള്ള നടപടി സ്വീകരിക്കുമെന്നും

വാട്ടർ അതോറിറ്റി കോൺട്രാക്ടർമാർക്ക് കരാർ തുക കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ജലമലിനീകരണം നടത്തുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതാണെന്നും ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് നമ്പ്രാണി ചെക്ക് ഡാം നിർമ്മിക്കുന്നകാര്യം ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

8(*62) പട്ടികജാതി-പട്ടികവർഗ്ഗക്കാരെ വികസന മുഖ്യധാരയിലെത്തിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) നൽകിയ മറുപടിയിൽ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരെ മുഖ്യധാരയിലെത്തിക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത വിഭാഗത്തിലെ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ്/സ്റ്റൈപ്പന്റ് 50 ശതമാനം വർദ്ധിപ്പിക്കുകയും ഒന്ന് മുതൽ എട്ട് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് പ്രതിവർഷം രണ്ടായിരം രൂപ വീതം എഡ്യൂക്കേഷൻ എയ്ഡും വിദേശ സർവ്വകലാശാലകളിൽ ബിരുദാനന്തര ബിരുദപഠനം നടത്തുന്നതിനുള്ള സൗകര്യവും സംഗീതം/നൃത്തം

പഠിക്കുന്നവർക്ക് ആടയാഭരണങ്ങൾക്കുള്ള ധനസഹായവും സ്വകാര്യ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നവർക്ക് പ്രതിമാസ അലവൻസും അനുവദിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈനിക സ്കൂളുകളിൽ പ്രവേശനത്തിനുള്ള പരിശീലനം ആരംഭിച്ചിട്ടുണ്ട്. സ്കോളർഷിപ്പ് പദ്ധതികൾ ഇ-ഗ്രാന്റ്സ് വെബ്സൈറ്റിലേയ്ക്ക് കൊണ്ടുവരികയും പ്ലസ്-ടു പാസ്സായ വിദ്യാർത്ഥികൾക്ക് മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുകയും 7 ഐ.റ്റി.ഐ.-കളെ റെസിഡൻഷ്യൽ ഐ.റ്റി.ഐ.-കളാക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് ചികിത്സാ ധനസഹായവും കമ്മ്യൂണിറ്റി കിച്ചണുകൾ മുഖേനയുള്ള പോഷകാഹാര വിതരണവും ഭക്ഷ്യസുരക്ഷാ പദ്ധതിയിലൂടെയുള്ള കിറ്റുകളുടെ വിതരണവും നടത്തിവരുന്നുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് വീടുകളിൽ പഠന മുറികളും പട്ടികവർഗ്ഗ മേഖലയിലെ ഓരോ സങ്കേതങ്ങളിലെയും വിദ്യാർത്ഥികൾക്ക് സാമൂഹ്യപഠന മുറികൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. നൈപുണ്യ വികസന പരിശീലനവുമായി ബന്ധപ്പെട്ട് ജോബ് ഫെയർ മുഖേനയും സ്കിൽ ഡെവലപ്മെന്റ് പരിശീലനത്തിലൂടെയും സ്വകാര്യ സ്ഥാപനങ്ങളിൽ നിരവധി പട്ടികജാതി യുവാക്കൾക്ക് പ്ലേയ്സ്മെന്റ്

ലഭ്യമാക്കിയിട്ടുണ്ടെന്നും 2640 പട്ടികജാതിക്കാർക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് ഒരു ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുകയും 187 നഴ്സുമാർക്ക് സർക്കാർ ആശുപത്രികളിൽ രണ്ട് വർഷം പ്രതിമാസം 15000 രൂപ സ്റ്റൈപ്പന്റോടെ അധിക പരിശീലനത്തിന് സൗകര്യമൊരുക്കുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. 'ഗോത്രജീവിക' മുഖേന നിരവധി പട്ടികവർഗ്ഗ യുവതീയുവാക്കളെ സ്വയം സഹായ സംഘങ്ങളാക്കി കെട്ടിട നിർമ്മാണ മേഖലയിൽ തൊഴിൽ നൽകുകയും സെന്റർ ഓഫ് സ്കിൽ എക്സലൻസിൽ 70 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഐ.ടി. പരിശീലനം നൽകുകയും അട്ടപ്പാടിയിലെ 72 ഊരുകളിൽ മില്ലെറ്റ് വില്ലേജ് പദ്ധതി നടപ്പിലാക്കുകയും പാലക്കാട് ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് യാഥാർത്ഥ്യമാക്കുകയും ചെയ്തിട്ടുണ്ട്. മണ്ണന്തല ഐ.സി.എസ്.ഇ.ടി.എസ്.-ൽ ജേർണലിസം പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സ് ആരംഭിച്ചിട്ടുണ്ടെന്നും സ്വകാര്യ സ്ഥാപനങ്ങളിൽ സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ടെന്നും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ധാരാളംപേർക്ക് ഗോത്രബന്ധു പദ്ധതിയിലൂടെയും സ്പെഷ്യൽ ഡ്രൈവിലൂടെയും പി.എസ്.സി. വഴി നിയമനം ലഭിച്ചിട്ടുണ്ടെന്നും വിവിധ പദ്ധതികളിലായി നിരവധി ഭൂരഹിത പട്ടികവർഗ്ഗ

കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. തൊഴിലെടുക്കുന്ന പട്ടികജാതി വനിതകൾക്ക് വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ ആരംഭിക്കുകയും പെൺകുട്ടികൾക്കായി വാൽസല്യ നിധി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കടാശ്വാസ നടപടികളുടെ ഭാഗമായി വായ്പാക്കുടിശ്ശിക എഴുതിത്തള്ളുന്നതിന് തുക അനുവദിക്കുകയും പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പി. കെ. കാളൻ കുടുംബ പദ്ധതി മുഖേന സമഗ്ര വികസന പരിപാടി നടപ്പിലാക്കുകയും വിവിധ ക്ഷേമ പദ്ധതികളിലൂടെ പട്ടികജാതിക്കാരുടെ വിവാഹ ധനസഹായവും മിശ്രവിവാഹ ധനസഹായവും വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടി അവസാന ഘട്ടത്തിലാണ്. ഭരണഘടനാനുസൃതമായി പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് നിയമനത്തിലും പ്രൊമോഷനിലും മതിയായ പ്രാതിനിധ്യം ഇല്ലാത്തപക്ഷം സംവരണം നൽകുകയെന്നത് സർക്കാരിന്റെ ഉത്തരവാദിത്വമാണെന്നും സുപ്രീംകോടതിയുടെ വിധി സംബന്ധിച്ച് വിശദമായ നിയമോപദേശം തേടി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും എയ്ഡഡ് നോൺ-മൈനോരിറ്റി കോളേജുകളിലെ നിയമനത്തിൽ സംവരണം നടപ്പാക്കുവാൻ

നിർദ്ദേശിച്ചുകൊണ്ടുള്ള ഹൈക്കോടതി ഉത്തരവിനെതിരെ കോളേജ് മാനേജ്മെന്റുകൾ സമർപ്പിച്ച എസ്.എൽ.പി. സുപ്രീംകോടതിയുടെ പരിഗണനയിലാണെന്നും സ്വകാര്യ തൊഴിൽ മേഖലകളിൽ സംവരണം ഏർപ്പെടുത്തുന്ന കാര്യം കൂടുതൽ ചർച്ചകൾക്ക് ശേഷം തീരുമാനിക്കുമെന്നും മന്ത്രി വ്യക്തമാക്കി. എസ്.സി./എസ്.ടി. കോളനികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ റിവ്യൂ ചെയ്യുന്നതിന് ജില്ലാ വെൽഫെയർ ഓഫീസർക്കും കളക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആദിവാസികൾക്ക് അർഹതപ്പെട്ട ഭൂമി ലഭ്യമാകുന്നതിലെ തടസ്സങ്ങൾ പരിശോധിക്കുമെന്നും പട്ടികജാതി വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി സ്റ്റൈപ്പന്റ് റിലീസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമെന്നും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് മേഖലയിൽ പ്രത്യേക പരിശീലനം നൽകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

9(*63) സംഘടിത-അസംഘടിത തൊഴിൽ മേഖലകളിൽ മിനിമം വേതനം

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് വിവിധ സംഘടിത/അസംഘടിത തൊഴിൽ മേഖലകളിൽ മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിന് ഉപദേശക സമിതി ഉപസമിതികൾ രൂപീകരിച്ചിട്ടുണ്ടെന്നും തുടർനടപടികൾ

ത്വരിതപ്പെടുത്തി വരികയാണെന്നും സഭയെ അറിയിച്ചു. തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധന നടത്തുകയും വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ നിയമപ്രകാരം ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നുമുണ്ട്. വേജ് പ്രൊട്ടക്ഷൻ സിസ്റ്റം മുഖേന വേതന വിതരണം തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുന്നുണ്ട്. ഹൈക്കോടതിയുടെ പരിഗണനയിലുള്ള മുത്തൂറ്റ് ഫിനാൻസുമായി ബന്ധപ്പെട്ട തൊഴിൽ തർക്ക പരിഹാരത്തിന് ഊർജ്ജിത ശ്രമം നടത്തി വരുന്നുണ്ടെന്നും തൊഴിലാളികളെ ദ്രോഹിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്ന മാനേജ്മെന്റുകൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചു വരികയാണെന്നും സംസ്ഥാനത്ത് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് ചട്ടങ്ങളും നിയമങ്ങളും പ്രാബല്യത്തിലുണ്ടെന്നും നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു. തൊഴിൽ നിയമത്തിൽ ഭേദഗതി വരുത്തുന്ന കാര്യം ആലോചിക്കാവുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 654 മുതൽ 960 വരെയുള്ള ചോദ്യങ്ങളിൽ 137 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)